"ഭരണഭാഷ – മാതൃഭാഷ"

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ, ഫോൺ -0487-2360810
website : www.ddethrissur.org
Email : ddetsr.dge@kerala.gov.in

നം. ജെ5 – 19933/2019

തീയതി 11-05-2020.

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം: പൊ.വി - എസ്.എസ്.എൽ.സി പരീക്ഷ 2020 – ക്രമീകരണം - സംബന്ധിച്ച്

സൂചന: 1. പൊ.വി.ഡയറക്ടറുടെ 08-05-2020 ലെ വീഡിയോ കോൺഫറൻസ്
2. ഈ കാര്യാലയത്തിൽ 11-05-2020 ന് കൂടിയ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം

സൂചനകളിലേക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. 2020 എസ്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ച് ഇനിയും നടത്താനുള്ള പരീക്ഷകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 2020 മെയ് 21 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ എസ്.എസ്.എൽ.സി / +2 പരീക്ഷകൾ നടത്തുമെന്ന് അറിയിച്ചിട്ടുള്ളതിനാൽ ഓഫീസ് റൂം, ക്ലാസ്സ് റൂം, സ്റ്റാഫ് റൂം എന്നിവ അണുവിമുക്തമാക്കേണ്ടതാണ്. ചീഫ് സൂപ്രണ്ട് ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിരമിച്ച ചീഫ് /ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവരുണ്ടെങ്കിൽ പ്രസ്തുത അധ്യാപകർക്ക പകരം അധ്യാപകരെ നിയമിച്ച് പരീക്ഷ സെക്രട്ടറിയുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.
- പൊതുഗതാഗത സംവിധാനം ഇല്ലെങ്കിലും സ്വന്തം വാഹനത്തിലോ, സ്കൂൾ ബസിലോ, സമീപ യു.പി /എൽ.പി സ്കൂളുകളുടെ വാഹനം ലഭ്യമാണെങ്കിൽ ആയതുപയോഗിച്ചോ വിദ്യാർത്ഥികളെ പരീക്ഷയെഴുതിക്കാനുള്ള നടപടി പ്രധാനാധ്യാപകർ സ്വീകരിക്കേണ്ടതാണ്.

- പരീക്ഷ ചുമതലയുള്ള അധ്യാപകരുടെ വീടുകളിൽ മറ്റ് സംസ്ഥാനത്തു നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ എത്തിച്ചേർന്ന് ക്വാറന്റൈൻ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത അധ്യാപകർക്ക പകരം അധ്യാപകരെ നിയമിക്കേണ്ടതാണ്.
- രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പരീക്ഷ എഴുതുന്നുണ്ടെന്ന് അതതു സ്കൂളിലെ ചീഫ് സൂപ്രണ്ടുമാർ ഉറപ്പാക്കേണ്ടതാണ്.
- പരീക്ഷ കുറ്റമറ്റരീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുന്നു
- ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾ മറ്റ് ജില്ലകളിൽ നിന്നും പരീക്ഷ സെന്ററുകളിൽ എത്തിച്ചേരാൻ സാധിക്കാതെ വരികയാണെങ്കിൽ ബാക്കിയുള്ള പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന സ്കൂളിന്റെ വിവരങ്ങൾ താഴെ കാണും പ്രകാരം അറിയിക്കേണ്ടതാണ്

| സ്കൂളിന്റെ പേര് | സ്കൂൾ കോഡ് | കുട്ടിയുടെ പേര് | രജിസ്റ്റർ നമ്പർ | പരീക്ഷയെഴുതാൻ ആഗ്രഹിക്കുന്ന സമീപ സ്കൂൾ | | |
|---|---|---|---|---|---|---|
| | | | | ജില്ല | സ്കൂളിന്റെ പേര് | സ്കൂൾ കോഡ് |
| | | | | | | |

- വിദ്യാർത്ഥികൾക്ക് ആവശ്യമായ മാസ്കുകളുടെ നിർമ്മാണം എച്ച്.എസ്.ഇ / വി.എച്ച്.എസ്.ഇ / എൻ.എസ്.എസ് / എസ്.എസ്.കെ എന്നിവയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

വിശ്വസ്തതയോടെ,

-ഒപ്പ്-

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

എസ്സി12/5

// ശരിപ്പകർപ്പ് //

Endt on A5/6122/19 Dt. 14/5/20

പ്രധാനാധ്യാപകരുടെ അറിവിലേക്കും തുടർനടപടികൾക്കുമായി അയക്കുന്നു.